(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളായി അറിയപ്പെടുന്ന ശബരിമല, ഗുരുവായൂർ, മലയാറ്റൂർ, കാലടി തുടങ്ങിയ സ്ഥലങ്ങളിൽ നിരവധി തീർത്ഥാടക ടൂറിസ്റ്റുകൾ എത്തിച്ചേരുന്നുണ്ട്.

(സി) ശബരിമല തീർത്ഥാടക ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് ഏകദേശം 2 കോടി രൂപ ചെലവിൽ എരുമേലിയിലും 1.75 കോടി രൂപ ചെലവിൽ കുളനടയിലും രണ്ട് തീർത്ഥാടക സൗകര്യകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതേപോലെ മലയാറ്റൂരിലും കാലടിയിലും ഗുരുവായൂരും ഏറ്റവും ബൃഹത്തായ ടൂറിസ്റ്റു കോംപ്ലക്സുകൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കാലടിയിലും, മലയാറ്റൂരിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ശബരിമലയിലേക്കുള്ള മാർഗ്ഗമദ്ധ്യേ കുളനടയിൽ ഒരു പിൽഗ്രിം സെന്റർ പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ എരുമേലിയിലും തീർത്ഥാടകർക്കായി ഒരു പിൽഗ്രിം സെന്റർ ഈ വർഷം പ്രവർത്തനമാരംഭിച്ചു. ഗുരുവായൂർ ഗസ്റ്റ് ഹൗസിനു സമീപം ഒരു തീർത്ഥാടക സമുച്ചയം പണി കഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മലയാറ്റൂരിൽ ഒരു ഇൻഫർമേഷൻ സെന്ററിന് അനുമതി നൽകിയിട്ടുണ്ട്.

ഭൂഗർഭജലം ഊറ്റിയെടുക്കുന്നത് തടയുന്നതിന് നടപടി

*12 [192] ശ്രീ. പി. എസ്. സുപാൽ:
„ ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും നിയമവിരുദ്ധമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠനങ്ങളിൽ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ഭൂജലബോർഡും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ ഭൂജലത്തിന്റെ അമിത ചൂഷണം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുന്നു ബ്ലോക്കുകളായ ചിറയിൻകീഴ്, കാസർഗോഡ്, കൊടുങ്ങല്ലൂർ എന്നിവ ഓവർ എക്സ്പ്ലോയിറ്റഡ് കാറ്റഗറിയിൽപ്പെടുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly